**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 122** **07-10-2024 - ൽ മറുപടിയ്ക്ക്**

**തൃശ്ശൂർപൂരം പോലീസ് തടസ്സപ്പെടുത്തിയെന്ന ആരോപണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ്,<br>ശ്രീ. അൻവർ സാദത്ത്,<br>ശ്രീ. എം. വിൻസെന്റ്,<br>ശ്രീമതി കെ. കെ. രമ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പോലീസ് ഇടപെടലിനെത്തുടർന്ന് തൃശ്ശൂർ പൂരം തടസ്സപ്പെട്ടതായുള്ള ആരോപണം സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടെങ്കിൽ ആയതു സംബന്ധിച്ച റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (എ) | 2024-ലെ തൃശൂർ പൂരം നടത്തിപ്പുമായി ബന്ധപ്പെട്ട് സർക്കാരിൽ ലഭിച്ച വിവിധ പരാതികളും നിവേദനങ്ങളും അന്വേഷിച്ച് എ.ഡി.ജി.പി (L&O) സമർപ്പിച്ച റിപ്പോർട്ട് സംസ്ഥാന പോലീസ് മേധാവി സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.<br><br>അന്വേഷണ റിപ്പോർട്ടും അത് സംബന്ധിച്ച സംസ്ഥാന പോലീസ് മേധാവിയുടെ അഭിപ്രായവും സർക്കാർ വിശദമായി പരിശോധിക്കുകയും വിഷയം സംബന്ധിച്ച് കൂടുതൽ സമഗ്രമായ അന്വേഷണം നടത്താൻ തീരുമാനിക്കുകയും ചെയ്തു.<br><br>ആയതിന്റെ അടിസ്ഥാനത്തിൽ വിശദമായ അന്വേഷണം നടത്തി നടപടികൾ സ്വീകരിക്കാൻ ക്രൈം ബ്രാഞ്ച് എ.ഡി.ജി.പി ശ്രീ. എച്ച് വെങ്കിടേഷ് ഐ. പി. എസ്-ന്റെ നേതൃത്വത്തിൽ ഒരു പ്രത്യേക അന്വേഷണ സംഘം (SIT) രൂപീകരിച്ചും പൂരവുമായി ബന്ധപ്പെട്ട ചുമതല നൽകിയിരുന്ന വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും വീഴ്ചകൾ ഉണ്ടായിട്ടുണ്ടെങ്കിൽ അക്കാര്യങ്ങൾ അന്വേഷിക്കുന്നതിന് ഇന്റലിജൻസ് എ.ഡി.ജി.പി ശ്രീ മനോജ് എബ്രഹാം ഐ.പി.എസ് നെ ചുമതലപെടുത്തിയും പൂരം നടക്കുന്ന സമയത്ത് തൃശൂരിൽ തന്നെയുണ്ടായിരുന്ന എ.ഡി.ജി.പി (L&O) യുടെ ഭാഗത്തു നിന്നും പ്രശ്നം പരിഹരിക്കുന്നതിന് ഇടപെടലുകൾ ഉണ്ടായിട്ടില്ലെന്നും അത് അദ്ദേഹത്തിന്റെ ഭാഗത്തു നിന്നുള്ള വീഴ്ചയാണെന്നും സംസ്ഥാന പോലീസ് മേധാവി റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിൽ അതെക്കുറിച്ച് അന്വേഷിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ സംസ്ഥാന പോലീസ് മേധാവിയെയും ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത കണ്ടെത്തലുകളെക്കുറിച്ച് സർക്കാർ ആഭ്യന്തര വകുപ്പ് സെക്രട്ടറിയിൽനിന്നും റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ടോയെന്നും എങ്കിൽ ആഭ്യന്തര വകുപ്പ് സെക്രട്ടറി നൽകിയ നിർദ്ദേശങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ; | (ബി) | (എ) പിരിവിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| (സി) | തൃശ്ശൂർ പൂരം തടസ്സപ്പെടുത്തുന്നതിന് ക്രമസമാധാന ചുമതലയുള്ള എ.ഡി.ജി.പി.യും ആർ. എസ്സ്. എസ്സും ഗൂഢാലോചന നടത്തിയതായി കണ്ടെത്തിയിട്ടുണ്ടോ എന്നും എങ്കിൽ ആയതിന്മേൽ എന്ത് തുടർനടപടി സ്വീകരിച്ചുവെന്നും വിശദമാക്കുമോ; | (സി) | (എ) പിരിവിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| (ഡി) | ക്രമസമാധാന ചുമതലയുള്ള എ.ഡി.ജി.പി. നൽകിയ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലാണോ തൃശ്ശൂർ പൂരത്തിന്റെ സുരക്ഷാ നടപടികൾ സ്വീകരിച്ചിട്ടുള്ളതെന്നും ഇത് സംബന്ധിച്ച് സർക്കാരിന് റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോയെന്നും വിശദാംശം ലഭ്യമാക്കുമോ? | (ഡി) | (എ) പിരിവിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ